ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 03.12.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1). രാജ്യത്തെ പുതിയ ക്രിമിനൽ നിയമങ്ങളുടെ വിജയകരമായ നിർവ്വഹണം സംബന്ധിച്ച് ഇന്ന് ചണ്ഡിഗഢിൽ നടക്കുന്ന പരിപാടിയെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിസംബോധന ചെയ്യും.

Prime Minister Narendra Modi will dedicate to the nation the successful implementation of three new criminal laws today.

2). സർക്കാരും പ്രതിപക്ഷവും സമവായത്തിലെത്തിലെത്തിയതോടെ ഇന്ന് മുതൽ പാർലമെന്റിന്റെ പ്രവർത്തനം സുഗമമാകുമെന്ന് പ്രതീക്ഷിക്കുന്നതായി കേന്ദ്ര മന്ത്രി കിരൺ റിജിജു.

Union Minister Kiren Rijiju said that the functioning of Parliament will be smooth from today as the government and the opposition have reached a consensus.

3). ഇന്ന് ലോക ഭിന്നശേഷി ദിനം. ദിവ്യാംഗരുടെ ശാക്തീകരണത്തിനായി ഏർപ്പെടുത്തിയ ദേശീയ പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപതി മുർമു ന്യൂഡൽഹിയിൽ സമ്മാനിക്കും.

President Droupadi Murmu to confer National Awards for Empowering PwDs on International Day of Persons with Disabilities today.

4). ഫെയ്ഞ്ചൽ ചുഴലിക്കാറ്റിന്റെ പ്രഭാവത്താൽ വടക്കൻ കേരളത്തിൽ ഇന്ന് ശക്തമായ മഴയ്ക്ക് സാധ്യത. കാസർകോട്, മലപ്പുറം, തൃശ്ശൂർ, ആലപ്പുഴ ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി.

Due to the Cyclone Fanjal, likely heavy rain in North Kerala today. Holiday declared for educational institutions in Kasaragod, Malappuram, Thrissur and Alappuzha districts.

**5). ആലപ്പുഴ ദേശീയപാതയിലെ  കളർകോട്, കെഎസ്ആർടിസി ബസും കാറും കൂട്ടിയിടിച്ച് അഞ്ച് മരണം.**

**Five people were killed when the car  collided with a Kerala State Road Transport Corporation (KSRTC) bus at Kalarcode in Alappuzha.**

**6). ഏഷ്യാ കപ്പ് ജൂനിയർ പുരുഷ ഹോക്കി സെമി ഫൈനലിൽ ഇന്ത്യ ഇന്ന് മലേഷ്യയെ നേരിടും.**

**India to take on Malaysia in the Asia Cup Junior Men's Hockey semi-final today.**

==============================================

**PM-CHANDIGARH**

രാജ്യത്തെ പുതിയ ക്രിമിനൽ നിയമങ്ങളുടെ വിജയകരമായ നിർവ്വഹണം സംബന്ധിച്ച് ചണ്ഡിഗഢിൽ ഇന്ന് നടക്കുന്ന പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുക്കും. **'സുരക്ഷിത സമൂഹം, വികസിത ഇന്ത്യ: ശിക്ഷയിൽ നിന്ന് നീതിയിലേക്ക്'** എന്നതാണ് പരിപാടിയുടെ പ്രമേയം. ഈ വർഷം ജൂലൈ 1-നാണ് ഭാരതീയ ന്യായ സംഹിത, ഭാരതീയ നാഗരിക് സുരക്ഷാ സൻഹിത, ഭാരതീയ സാക്ഷ്യ അധിനിയം എന്നീ നിയമങ്ങൾ നടപ്പാക്കിയത്.

==============================================

**PARLIAMENT DEADLOCK - (INTRO)**

പാർലമെൻറ് സ്തംഭനം അവസാനിപ്പിക്കാൻ സർക്കാരും പ്രതിപക്ഷ കക്ഷികളും സമവായത്തിലെത്തിലെത്തിയ തോടെ ഇന്ന് മുതൽ ലോക്സഭയുടെയും രാജ്യസഭയുടെയും പ്രവർത്തനം സുഗമമാകും. ശീതകാല സമ്മേളനത്തിൻറെ സുഗമമായ നടത്തിപ്പിന് കക്ഷി നേതാക്കൾ പിന്തുണ ഉറപ്പ് നൽകിയതായി പാർലമെൻ്ററി കാര്യ മന്ത്രി കിരൺ റിജിജു വ്യക്തമാക്കി.

**(BYTE.........)**

ഭരണഘടന അംഗീകരിച്ചതിൻറെ 75-ാാം വാർഷികം ആഘോഷിക്കുന്നതിൻ്റെ ഭാഗമായി ഈ മാസം 13, 14 തീയതികളിൽ ലോക്സഭയിൽ പ്രത്യേക ചർച്ച നടക്കും. രാജ്യസഭയിൽ ഡിസംബർ 16, 17 തീയതികളിലായിരിക്കും ചർച്ച. ലോക്സഭാ സ്പീക്കർ ഓം ബിർള ഇന്നലെ വിളിച്ചുചേർത്ത യോഗമാണ് വഴിത്തിരിവായത്.

==============================================

**FENGAL – (INTRO)**

ഫെയ്ഞ്ചൽ ചുഴലിക്കാറ്റിൻറെ പ്രഭാവത്താൽ കേരളത്തിൽ മഴ തുടരുന്നു. വടക്കൻ കേരളത്തിൽ ഇന്ന് ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥവകുപ്പ് അറിയിച്ചു.

**വിശദാംശങ്ങളിലേക്ക്....**

**(VOICE........)**

അതിശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ കണ്ണൂർ കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. അതിതീവ്ര മഴ സാധ്യത തുടരുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് നാല് ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇില്ലാ കളക്ടർമാർ അവധി പ്രഖ്യാപിച്ചു. കാസർകോട്, മലപ്പുറം, തൃശ്ശൂർ, ആലപ്പുഴ ജില്ലകളിലാണ് അവധി. കോട്ടയം ജില്ലയിൽ ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്ന സ്കൂളുകൾക്കും സ്ഥാപനങ്ങൾക്കും അവധിയായിരിക്കും. മുൻകൂട്ടി നിശ്ചയിച്ച പരീക്ഷകൾക്ക് മാറ്റമുണ്ടാകില്ല. ലക്ഷദ്വീപിൽ അഞ്ചാം തീയതി വരെ ശക്തമായ കാറ്റിനും ഒറ്റപ്പെട്ട കനത്ത മഴയ്ക്കും സാധ്യതയുണ്ടെന്നും കാലാവസ്ഥാവിഭാഗം മുന്നറിയിപ്പ് നൽകി. കടലിലുള്ള വിനോദസഞ്ചാര പ്രവർത്തനങ്ങളും ഒഴിവാക്കണമെന്നും നിർദേശമുണ്ട്. അതേസമയം, ഫെയ്ഞ്ചൽ ചുഴലിക്കാറ്റ് കര തൊട്ട പുതുച്ചേരിയിലും തമിഴ്നാട്ടിലും വ്യാപക നാശമാണുണ്ടായത്. തമിഴ്നാട്ടിൽ ഇതുവരെ 13 പേർക്ക് മഴക്കെടുതിയിൽ ജീവൻ നഷ്ടമായിട്ടുണ്ട്. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 2000 കോടി രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് തമിഴ്നാട് മുഖ്യമന്ത്രി എംകെ സ്റ്റാലിൻ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് കത്തയച്ചു. കനത്ത മഴയെ തുടർന്ന് പുതുച്ചേരി തിരുവണ്ണാമലയിൽ ഉണ്ടായ ഉരുൾപ്പൊട്ടലിൽ കാണാതായ ഏഴ് പേരുടേയും മൃതദേഹങ്ങൾ കണ്ടെത്തി. പുതുച്ചേരി, കാരയ്ക്കൽ, യാനം എന്നിവിടങ്ങളിലായി പതിനായിരത്തിലധികം ഹെക്ടറിലെ കൃഷി നശിച്ചു. ന്യൂസ് ഡെസ്ക്, ആകാശവാണി.....

==========================================

## PAZHASSI RESERVOIR

കണ്ണൂർ  പഴശ്ശി റിസർവോയറിൽ അധിക ജലം ഒഴുകി എത്തുന്നതിനാൽ രാവിലെ എട്ട് മണി മുതൽ ഡാമിൻറെ  ഷട്ടറുകൾ തുറക്കും. ഡാമിൻറെ  താഴെ ഭാഗത്തുള്ള ജനങ്ങൾ ജാഗ്രത പാലിക്കണം.

==================================================

## BJP CENTRAL OBSERVERS

മഹാരാഷ്ട്രയിൽ,  മുതിർന്ന നേതാക്കളായ കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമനെയും ഗുജറാത്ത് മുൻമുഖ്യമന്ത്രി ശ്രീ വിജയ് രൂപാണിയെയും കേന്ദ്ര നിരീക്ഷകരായി ബിജെപി നിയോഗിച്ചു. ശ്രീമതി നിർമല സീതാരാമനും  ശ്രീ വിജയ് രൂപാണിയും പുതുതായി തിരഞ്ഞെടുക്കപ്പെട്ട ബിജെപി എംഎൽഎമാരുമായി ഇന്ന് വൈകിട്ട് മുംബൈയിൽ കൂടിക്കാഴ്ച നടത്തുമെന്നാണ് സൂചന.ബിജെപി നിയമസഭാ കക്ഷി യോഗം നാളെ ചേരും. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സാന്നിധ്യത്തിൽ മറ്റന്നാൾ വൈകുന്നേരം മുംബൈയിലെ ആസാദ് മൈതാനിയിലാണ് മഹായുതി സർക്കാരിന്റെ സത്യപ്രതിജ്ഞ.

==================================================

## PREZ-AWARDS

ഇന്ന് ലോക ഭിന്നശേഷി ദിനം.  ദിവ്യാംഗരുടെ ശാക്തീകരണത്തിനായി  ഏർപ്പെടുത്തിയ ദേശീയ പുരസ്കാരങ്ങൾ  രാഷ്ട്രപതി ദ്രൗപതി മുർമു ഡൽഹിയിൽ സമ്മാനിക്കും. മുപ്പത്തിമൂന്ന് വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമാണ്  പുരസ്കാരം നൽകുന്നത്. ഭിന്നശേഷിയുള്ളവരുടെ ജീവിതം സമ്പന്നമാക്കാൻ ലക്ഷ്യമിട്ടുള്ള പതിനാറ് സംരംഭങ്ങളുടെ അനാച്ഛാദനം കേന്ദ്ര  മന്ത്രി വീരേന്ദ്ര കുമാർ, നിർവഹിക്കും.

==================================================

## UNARVV 2024

അന്താരാഷ്ട്ര ഭിന്നശേഷി ദിനാഘോഷം- ഉണർവ്വ് 2024 -ന് മുന്നോടിയായി തിരുവനന്തപുരത്ത്   വിളംബര ഘോഷയാത്ര സംഘടിപ്പിച്ചു. ഗവൺമെൻറ്  വിമൻസ് കോളേജ് അങ്കണത്തിൽ നിന്നും വഴുതക്കാട്

വരെയാണ് വിളംബര ഘോഷയാത്ര നടന്നത്. അതിനിടെ കണ്ണൂർ ജില്ലയിൽ സാമൂഹ്യ നീതി വകുപ്പ് ഇന്ന് നടത്താൻ നിശ്ചയിച്ചിരുന്ന ഉണർവ്-2024 ഭിന്നശേഷി കായിക മേള അതിതീവ്ര മഴ മുന്നറിയിപ്പ് ലഭിച്ച സാഹചര്യത്തിൽ മറ്റൊരു തീയതിയിലേക്ക് മാറ്റിവെച്ചു.

=========================================

## PRESIDENT - ODISHA VISIT

രാഷ്ട്രപതി ദ്രൗപതി മുർമു അഞ്ച് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ഒഡീഷയിലെത്തും. ഭുവനേശ്വറിലെ ആദിം ഒവാർ ജർപ ജഹർ സന്ദർശിക്കുന്ന രാഷ്ട്രപതി പണ്ഡിറ്റ് രഘുനാഥ് മുർമുവിൻ്റെ പ്രതിമ അനാച്ഛാദനം ചെയ്യും. പുരിയിലെ ശ്രീ ജഗന്നാഥ ക്ഷേത്രത്തിലും അവർ പ്രാർത്ഥന നടത്തും. ഗോപബന്ധു ആയുർവേദ മഹാവിദ്യാലയത്തിന്റെ 75-ാം വാർഷികാഘോഷത്തിലും, ബ്ലൂ ഫ്ലാഗ് ബീച്ചിൽ നാവികസേനാ ദിനാഘോഷത്തിലും രാഷ്ട്രപതി പങ്കെടുക്കും. വ്യാഴാഴ്ച ഭുവനേശ്വറിൽ നടക്കുന്ന ഒഡീഷ അഗ്രികൾച്ചർ ആൻഡ് ടെക്നോളജി സർവകലാശാലയുടെ 40-ാമത് ബിരുദദാന ചടങ്ങിലും രാഷ്ട്രപതി പങ്കെടുക്കും. ഭുവനേശ്വറിലെ പുതിയ കോടതി സമുച്ചയം രാഷ്ട്രപതി ഉദ്ഘാടനം ചെയ്യും. സന്ദർശനത്തിന്റെ അവസാന ദിവസം ഒഡിഷയിലെ വിവിധ വികസന പദ്ധതികൾക്ക് രാഷ്ട്രപതി ദ്രൗപദി മുർമു തറക്കല്ലിടും.

=========================================

## VICE PRESIDENT - MUMBAI VISIT

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഇന്ന് മുംബൈ സന്ദർശിക്കും. സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ഓൺ കോട്ടൺ ടെക്നോളജിയുടെ ശതാബ്ദി സ്ഥാപക ദിനത്തിൽ മുഖ്യാതിഥിയായി പങ്കെടുക്കുന്ന അദ്ദേഹം ശതാബ്ദി ആഘോഷങ്ങളുടെ ഉദ്ഘാടനവും നിർവഹിക്കും. കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ, കേന്ദ്ര സഹമന്ത്രി രാംനാഥ് താക്കൂർ, മഹാരാഷ്ട്ര ഗവർണർ സി പി രാധാകൃഷ്ണൻ, എന്നിവരും സമ്മേളനത്തെ അഭിസംബോധന ചെയ്യും.

=========================================

## VIZHINJAM

വിഴിഞ്ഞം രാജ്യാന്തര തുറമുഖത്തിൻറെ വാണിജ്യ പ്രവർത്തനത്തിന് ഇന്ന് തുടക്കമാകും. ഔദ്യോഗിക ചടങ്ങുകൾ ഇല്ലാതെയാണ് പ്രവർത്തനം തുടങ്ങുക. ജൂലൈയിൽ ആരംഭിച്ച ട്രയൽ റൺ ഇന്നലെ പൂർത്തിയായി. ഇക്കാലയളവിൽ 1 .5 ലക്ഷം കണ്ടെയ്നർ ചരക്കു തുറമുഖം കൈകാര്യം ചെയ്തു. തുറമുഖത്തിൻറെ കമ്മീഷനിങ് അടുത്ത മാസം ഉണ്ടാകും. തുറമുഖം രാജ്യത്തിന് സമർപ്പിക്കുന്ന ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുക്കുമെന്നാണ് സൂചന.

==========================================

## ALAPPUZHA ACCIDENT – (INTRO)

ആലപ്പുഴ ദേശീയപാതയിൽ കളർകോട് ചങ്ങനാശേരിമുക്ക് ജംക്ഷനിൽ കെഎസ്ആർടിസി ബസും കാറും കൂട്ടിയിടിച്ച് 5 എം ബി ബി എസ് വിദ്യാർഥികൾ മരിച്ചു. കാറിലുണ്ടായിരുന്നവരാണ് മരിച്ചത്. അപകടത്തിൽ മരിച്ചവരുടെ മൃതദേഹങ്ങളുടെ പോസ്റ്റ് മോർട്ടം രാവിലെ ആരംഭിച്ചു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**
**ആലപ്പുഴ പ്രതിനിധി ആർ.രവികുമാർ.**
**(VOICE.....)**

==========================================

## HOCKEY – JUNIOR ASIA CUP

ഏഷ്യാ കപ്പ് ജൂനിയർ പുരുഷ ഹോക്കി സെമിഫൈനലിൽ നിലവിലെ ചാമ്പ്യന്മാരായ ഇന്ത്യ ഇന്ന് മലേഷ്യയുമായി ഏറ്റുമുട്ടും. ഇന്ത്യൻ സമയം രാത്രി 8:30 ന് ഒമാനിലെ മസ്കറ്റിലാണ് മത്സരം. പൂൾ എ യിൽ ദക്ഷിണ കൊറിയയെ തോൽപ്പിച്ച് ഇന്ത്യ ഒന്നാം സ്ഥാനത്തെത്തി. ഇന്ന് നടക്കുന്ന മറ്റൊരു സെമിയിൽ പാകിസ്ഥാനും ജപ്പാനും തമ്മിലാണ് മത്സരം. നാളെയാണ് ഫൈനൽ.

==========================================

## CRICKET

അണ്ടർ-19 ഏഷ്യാകപ്പ് ഏകദിന ക്രിക്കറ്റിൽ ജപ്പാനെതിരെ ഇന്ത്യയ്ക്ക് 211 റൺസിൻറെ ജയം. ഇന്ത്യ ഉയർത്തിയ 340 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ജപ്പാന് നിശ്ചിത 50 ഓവറിൽ എട്ട് വിക്കറ്റ് നഷ്ടത്തിൽ 128 റൺസ് എടുക്കാനേ സാധിച്ചുള്ളൂ. ഇന്ത്യയ്ക്കുവേണ്ടി ക്യാപ്റ്റൻ മുഹമ്മദ് അമാൻ സെഞ്ച്വറി നേടി.

==================================================

## ISL

ISL ഫുട്ബോളിൽ ജംഷഡ്പൂർ F.C യ്ക്ക് ജയം. ഇന്നലെ ജംഷഡ്പൂരിൽ നടന്ന മത്സരത്തിൽ മുഹമ്മദൻ S.C യെ ഒന്നിനെതിരെ 3 ഗോളുകൾക്കാണ് പരാജയപ്പെടുത്തിയത്.

==================================================

## BEEMAPALLY UROOS

തിരുവനന്തപുരത്തെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളിൽ ഒന്നായ ബീമാപള്ളി ദർഗാ ഷെരീഫിലെ ഉറൂസിന് ഇന്ന് കൊടിയേറും. ഉറൂസ് പ്രമാണിച്ച് ഇന്ന് തിരുവനന്തപുരം നഗരസഭ പരിധിയിലെ എല്ലാ സംസ്ഥാന സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും പ്രാദേശിക അവധി നൽകി. പൊതുപരീക്ഷകൾക്ക് അവധി ബാധകമായിരിക്കില്ല.

==================================================

## SABARMATI REPORT

പ്രധാനമന്ത്രി നരേന്ദ്ര മോദി, പാർലമെന്റ് ലൈബ്രറി ബിൽഡിംഗിലെ ജിഎംസി ബാലയോഗി ഓഡിറ്റോറിയത്തിൽ ഹിന്ദി സിനിമയായ 'ദി സബർമതി റിപ്പോർട്ട്" വീക്ഷിച്ചു. ആഭ്യന്തര മന്ത്രി അമിത് ഷാ, രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്, വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ്, മറ്റ് കാബിനറ്റ് മന്ത്രിമാർ, പാർലമെൻ്റ് അംഗങ്ങൾ, വിശിഷ്ട വ്യക്തികൾ തുടങ്ങിയവരും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. 2002 ഫെബ്രുവരിയിൽ ഗുജറാത്തിലെ ഗോധ്ര സംഭവത്തെ ആസ്പദമാക്കിയുള്ള ചിത്രം പ്രധാനമന്ത്രിയ്ക്കൊപ്പം കാണാൻ സാധിച്ചതിൽ നടൻ വിക്രാന്ത് മാസി സന്തോഷം പ്രകടിപ്പിച്ചു.

==========================================

## FDI - GROWTH

ഈ വർഷം ഏപ്രിൽ മുതൽ സെപ്തംബർ വരെയുള്ള കാലയളവിൽ നേരിട്ടുള്ള വിദേശ നിക്ഷേപം 45 ശതമാനം വർധിച്ച് 29 ബില്യൺ ഡോളറിലേക്ക് ഉയർന്നു. സേവനങ്ങൾ, കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ, ഹാർഡ്‌വെയർ, ടെലികോം, ഓട്ടോമൊബൈൽ, ഫാർമസ്യൂട്ടിക്കൽസ്, കെമിക്കൽസ് എന്നീ പ്രധാന മേഖലകൾക്കാണ് എഫ്ഡിഐയിൽ നിന്ന് പ്രയോജനം ലഭിച്ചത്.ഇത് രാജ്യത്ത് മികച്ച സാങ്കേതിക വിദ്യയ്ക്കൊപ്പം സാമ്പത്തിക മേഖലയിൽ ഉയർന്ന നിക്ഷേപത്തിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കാരണമായി. ജൂലൈ മുതൽ സെപ്റ്റംബർ വരെയുള്ള രണ്ടാം പാദത്തിലെ വിദേശ നിക്ഷേപം 43 ശതമാനം ഉയർന്ന് 13.6 ബില്യൺ ഡോളറിലെത്തി.

==========================================

## CYBER FRAUD

സൈബർ തട്ടിപ്പ് വഴി നാല് കോടി തട്ടിയെടുത്ത കേസിൽ പ്രതികളായ രണ്ട് പേരെ മധ്യ പ്രദേശിൽ വച്ച് കോഴിക്കോട് സിറ്റി സൈബർ ക്രൈം പോലീസ് പിടികൂടി. ഓൺലൈൻ തട്ടിപ്പ് വഴി കോഴിക്കോട് സ്വദേശിയിൽ നിന്ന് 4 കോടി രൂപ തട്ടിയെടുത്ത പ്രതികളെയാണ് സൈബർ പോലീസ് സംഘം സാഹസികമായി അറസ്റ്റ് ചെയ്തത്.

================

============================

==========================================